പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1892 — 17.06.2013 ൽ മറുപടിക്ക്

പാസ്സ്പോർട്ടിലെ ജനനത്തീയതി തിരുത്തിയത് സംബന്ധിച്ച കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കരിപ്പൂർ പോലീസ് സ്റ്റേഷനുകളിൽ പാസ്സ്പോർട്ടിലെ ജനന തീയതി തിരുത്തിയതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ്സ് രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (ബി) | ഇത്തരം കേസുകൾ കരിപ്പൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് പി.എച്ച്.ക്യൂ. സർക്കുലർ പ്രകാരം മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി അന്വേഷണം ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്. മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓർഡർ പ്രകാരം മേൽ കേസുകൾ മലപ്പുറം നർക്കോട്ടിക് സെൽ DYSP യ്ക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതാണ്. ആയതിൽ പ്രോസിക്യൂഷൻ Sanction ലഭിച്ച 16 കേസുകളും Factual Report സമർപ്പിച്ച 6 കേസുകളും തിരികെ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി യ്ക്ക് ലഭിച്ചിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ Sanction ലഭിച്ച 16 കേസുകൾക്ക് ചാർജ്ജ് ഷീറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (സി) | പാസ്സ്പോർട്ടിൽ ജനനതീയതി തിരുത്തിയതുമായി ബന്ധപ്പെട്ട് കേസെടുക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ; | (സി) | സ്റ്റേഷൻ ഹൗസ് ഓഫീസർ - മാർക്കാണ്. |

→

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര വിദേശ കാര്യ വകുപ്പ് സഹമന്ത്രിയുടെ സാന്നിധ്യത്തിൽ മലപ്പുറത്തു വച്ച് സംഘടിപ്പിച്ച അദാലത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) (ഇ) & (എഫ്) | ഔദ്യോഗിക തലത്തിൽ അദാലത്ത് നടത്തിയിട്ടില്ല. |
| (ഇ) | പ്രസ്തുത തീരുമാനങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (എഫ്) | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| (ജി) | അനധികൃതമായി കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ജി) | അനധികൃതമായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ